പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4432

04/02/2014-ൽ മറുപടിയ്ക്ക്

## കോതമംഗലം എം.എ കോളേജിലെ അസിസ്റ്റന്റ് പ്രൊഫസർമാർക്കുള്ള ശമ്പള കുടിശ്ശിക

**ചോദ്യം**

ശ്രീ.ബി.ഡി.ദേവസ്സി :

**മറുപടി**

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോതമംഗലം എം.എ കോളേജിൽ, വിവിധ വിഭാഗങ്ങളിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ നിയമനം ലഭിച്ച എട്ടോളം പേർക്ക് 2011 ജൂൺ 1 മുതലുള്ള നിയമനത്തിന് മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ അംഗീകാരം ലഭിച്ചെങ്കിലും ഡയറക്ടറേറ്റ് ഓഫ് കൊളീജിയേറ്റ് എജ്യൂക്കേഷനിൽ നിന്നും അനുമതി ലഭിക്കാത്തതിനാൽ ശമ്പളം ലഭിയ്ക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | കോതമംഗലം എം.എ കോളേജിൽ ഇംഗ്ലീഷ്, ബോട്ടണി, സുവോളജി, ഹിന്ദി, കൊമേഴ്സ്, ഫിസിക്സ് എന്നീ വിഷയങ്ങളിൽ 8 പുതിയ അദ്ധ്യാപകരെ നിയമിക്കുകയും അവരിൽ ഇംഗ്ലീഷ്, ബോട്ടണി, സുവോളജി, ഹിന്ദി എന്നീ വിഷയങ്ങളിൽ നിയമിച്ച നാല് അദ്ധ്യാപകർക്ക് നിയമനാംഗീകാരം നൽകുകയും ഇതിൽ ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപികയുടെ ശമ്പളം അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൽ മൂന്ന് അദ്ധ്യാപകരുടെ ശമ്പളം കോളേജിൽ നിന്ന് ക്ലെയിം ചെയ്തിട്ടില്ല.<br>വർക്ക്ലോഡ് സംബന്ധിച്ച് വ്യത്യാസം ഉള്ളതുകൊണ്ട് ഫിസിക്സിലെ ബാക്കിയുള്ള 3 അദ്ധ്യാപകരുടെയും കൊമേഴ്സ് വിഭാഗത്തിലെ ഒരു അദ്ധ്യാപകന്റെയും ശമ്പളം തത്ക്കാലം അനുവദിച്ചിട്ടില്ല. എത്രയും പെട്ടെന്ന് ഇവരുടെ കാര്യത്തിൽ തീരുമാനം എടുക്കുന്നതാണ്. |
| (ബി) | ഇവർക്ക് ശമ്പള കുടിശ്ശിക ലഭ്യമാക്കുന്നതിനായി അടിയന്തിര നടപടി സ്വീകരിക്കുമോ ? | (ബി) | ഫിസിക്സ്, കൊമേഴ്സ് വിഭാഗങ്ങളിൽ നിയമിക്കപ്പെട്ട നാല് അദ്ധ്യാപകരുടെ നിയമനം അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ